## കേരള സർക്കാർ

### സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസനം - ജാതിസർട്ടിഫിക്കറ്റ് - പട്ടികജാതി പട്ടികവർഗ്ഗ സ്ഥിതി വിദ്യാഭ്യാസാരംഭത്തിൽത്തന്നെ തെളിയിക്കണമെന്ന് ഉത്തരവാകുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്
സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.49/99/പജ.പവ.വിവ.

തിരുവനന്തപുരം, തിയതി: 6.5.99.

---

സൂചന: 1. 12.1.1990 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.2/90/പജ.പവ.വിവ.

2. 8.5.1995 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം 16/95/പജ.പവ.വിവ.

### ഉത്തരവ്

സ്കൂൾ വിദ്യാഭ്യാസാരംഭം മുതൽ ഹയർ സെക്കൻഡറി/പ്രീഡിഗ്രി തലം വരെ വിദ്യാഭ്യാസാർത്ഥം ജാതി പ്രഖ്യാപിക്കുകയോ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അവകാശപ്പെടുകയോ ചെയ്യാത്തവരും, അംഗീകൃത തെളിവുകൾ ഇല്ലാതെ സ്കൂൾ റിക്കാർഡുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായനാമങ്ങൾ സ്വന്തം ജാതിസ്ഥിതിയായി പ്രഖ്യാപിച്ചിട്ടുള്ളവർ അതിന്റെ മാത്രം അടിസ്ഥാനത്തിലും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഉദ്യോഗങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ സംവരണാനുകൂല്യങ്ങൾ അവകാശപ്പെടുന്നതായും അനുഭവിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസമുദായക്കാർ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി മാത്രം ഉദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വ്യാജപ്രസ്താവന നടത്തി അപഹരിക്കുന്നതു തടയുന്നതിനായി വിദ്യാഭ്യാസാർത്ഥം പട്ടികജാതി പട്ടികവർഗ്ഗ സ്ഥിതി അവകാശപ്പെടുന്നതും അനുവദിക്കുന്നതും വിദ്യാലയങ്ങളിൽ ആദ്യമായി ചേർക്കപ്പെടുന്ന സമയത്ത് ഹാജരാക്കുന്ന അംഗീകൃത പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ പ്രകാരം മാത്രമായിരിക്കണമെന്ന് സർക്കാർ ഉത്തരവാകുന്നു.

2. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങളോടെ പഠനം നടത്തേണ്ട വിദ്യാർത്ഥി ഒന്നാം ക്ലാസിൽ ചേരുന്ന സമയത്തു തന്നെ തഹസിൽദാരുടെ റാങ്കിൽ കുറയാത്ത റവന്യൂ വകുപ്പു അധികൃതർ, പ്രസ്തുത ആവശ്യത്തിനായി നിർദ്ദിഷ്ഠഫാറത്തിൽ അനുവദിച്ചു നൽകിയ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് സ്കൂളിൽ ഹാജരാക്കേണ്ടതാണ്.

3. ഏതെങ്കിലും കാരണവശാൽ സ്കൂൾ പ്രവേശനസമയത്ത് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാതെ വന്നാൽ അക്കാരണത്താൽ പ്രവേശനം നിഷേധിക്കാവുന്നതല്ല. മറ്റുപ്രകാരത്തിൽ അർഹമാണെങ്കിൽ പ്രവേശനം നൽകേണ്ടതും ആദ്യടേമിൽത്തന്നെ ആവശ്യമായ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

(...2/-)

[illegible]

റവന്യൂ വകുപ്പധികൃതർ/ പട്ടികജാതി പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ, സാംപത്തികാനുകൂല്യങ്ങൾ ഉൾപ്പെടെ വിദ്യാഭ്യാസകാലത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ അനുവദിച്ചുനല്കാവുന്നതല്ല. പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രം ബന്ധപ്പെട്ട സ്കൂൾ അധികൃതർ ആനുകൂല്യങ്ങൾ അനുവദിക്കുന്ന അധികാരികൾക്ക് അയച്ചാൽ മതിയാകും. പ്രവേശന സമയത്ത് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തവരുടെ അപേക്ഷകൾ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് വകുപ്പധികൃതർക്ക് അയക്കേണ്ടതും ആ വിദ്യാഭ്യാസവർഷാരംഭം മുതലുള്ള അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചുനല്കേണ്ടതുമാണ്. പ്രവേശനം നേടിയ വിദ്യാഭ്യാസവർഷം അവസാനിക്കുന്നതുവരെ പട്ടികജാതി പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്ത കേസുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യങ്ങളൊന്നും അനുവദിക്കാൻ പാടില്ലാത്തതാണ്.

5. നിർദ്ദിഷ്ടഫോറത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്ത കേസുകളിൽ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലും മറ്റ് വിദ്യാഭ്യാസരേഖകളിലും അവകാശപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ സമുദായനാമം രേഖപ്പെടുത്താവുന്നതല്ല. പിന്നീട് ക്രമപ്രകാരമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം സർട്ടിഫിക്കറ്റിലുള്ള ജാതി /വർഗ്ഗനാമം രേഖപ്പെടുത്താവുന്നതാണ്.

6. ഹാജരാക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും ഏത് തഹസിൽദാരാണ് അനുവദിച്ചുനല്കിയത് എന്നും സ്കൂൾ പ്രവേശന രജിസ്റ്ററിലെ പ്രസക്ത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

7. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂൾ പ്രവേശന സമയത്ത് ഹാജരാക്കുന്ന സമുദായസർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്കൂളിൽത്തന്നെ സൂക്ഷിക്കേണ്ടതും സാംപത്തികാനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ നമ്പരും തീയതിയും സഹിതം അപേക്ഷയിൽ പ്രഖ്യാപിച്ചിട്ടുള്ള ജാതിസ്ഥിതി സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാർ അനുവദിച്ചുനല്കിയത് സ്കൂളിൽ ലഭിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം അപേക്ഷയിൽ എഴുതിച്ചേർത്ത സ്കൂൾ അധികൃതർ ആനുകൂല്യം അനുവദിക്കാനുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതുമാണ്.

8. ഒന്നാം ക്ലാസിൽ ചേരുന്ന സമയത്ത് ഹാജരാക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് സ്കൂൾ വിദ്യാഭ്യാസകാലം മുഴുവൻ ഉപയോഗിക്കാനുള്ളതാണ്. സ്കൂൾ മാറേണ്ടിവരുന്ന സന്ദർഭങ്ങളിൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിനോടൊപ്പം നേരത്തെ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റും വിദ്യാർത്ഥിക്ക് മടക്കി നല്കേണ്ടതും ആ സർട്ടിഫിക്കറ്റ് തന്നെ പുതിയ സ്കൂളിൽ ഹാജരാക്കാവുന്നതുമാണ്. സ്കൂൾ വിദ്യാഭ്യാസ കാലത്ത് വിദ്യാഭ്യാസവകുപ്പുമായോ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായോ ബന്ധപ്പെട്ട സകല ആവശ്യങ്ങൾക്കും മേല്പറഞ്ഞ ജാതിസർട്ടിഫിക്കറ്റോ സ്കൂൾ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ അതിന്റെ പകർപ്പോ സ്വീകരിക്കാവുന്നതാണ്.

(...3/-)

9. സ്കൂൾ വിദ്യാഭ്യാസാനന്തരം സംവരണാനുകൂല്യമുള്ള മറ്റ് ഉന്നതവിദ്യാഭ്യാസ-സ്ഥാപനങ്ങളിൽ പ്രവേശനത്തിന്, അതാതിന്റെ പ്രോസ്പക്ടസ് അനുശാസിക്കുന്ന പ്രകാരമുള്ള സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

10. ബന്ധപ്പെട്ട റവന്യൂ അധികൃതർ അനുവദിച്ചു നൽകിയ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് സ്കൂൾ വിദ്യാഭ്യാസകാലത്ത് ഹാജരാക്കി എന്നത് അതിന്റെ മാത്രം അടിസ്ഥാനത്തിൽ പ്രസ്തുത വിദ്യാർത്ഥിക്കോ കുടുംബാംഗങ്ങൾക്കോ തുടർന്നും പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകാൻ മതിയായ കാരണമായിരിക്കുന്നതല്ല. പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകേണ്ട ഓരോ അവസരത്തിലും ബന്ധപ്പെട്ട റവന്യൂ അധികൃതർ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവു പ്രകാരമുള്ള നടപടികൾ നടത്തി ജാതി സ്ഥിതി ബോദ്ധ്യപ്പെട്ടശേഷം മാത്രം അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടതാണ്.

11. ഈ ഉത്തരവുകൾ 1999 ജൂൺ മാസം 1-ാം തീയതി ആരംഭിക്കുന്ന വിദ്യാലയവർഷം മുതൽ പുതിയതായി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നതും പട്ടികജാതി/പട്ടികവർഗ്ഗ സ്ഥിതി അവകാശപ്പെടുന്നതുമായ വിദ്യാർത്ഥികൾക്ക് ബാധകമാകുന്നതും മറ്റുള്ളവരുടെ കേസിൽ നിലവിലുള്ള രീതി തുടരുന്നതുമാണ്.

12. സ്കൂൾ പ്രവേശനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിനു ലഭിക്കുന്ന അപേക്ഷകൾ റവന്യൂ അധികൃതർ മുൻഗണന നൽകി തീർപ്പാക്കേണ്ടതും അർഹരായവർക്ക് സ്കൂൾ അഡ്മിഷൻ സമയത്തു തന്നെ സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയുംവിധം കാലതാമസംകൂടാതെ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
എസ്. സുബ്ബയ്യ.
സ്പെഷ്യൽ സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഹയർസെക്കന്ററി ഡയറക്ടർ
വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.
പ്രവേശന പരീക്ഷാ കമ്മീഷണർ
പരീക്ഷാ കമ്മീഷണർ, പൂജപ്പുര
പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ
ഡയറക്ടർ കിർടാഡ്സ്, കോഴിക്കോട് 17
കമ്മീഷണർ, ലാന്റ് റവന്യൂ
പബ്ലിക് റിലേഷൻസ് ഡയറക്ടർ

പകർപ്പ്: പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നതവിദ്യാഭ്യാസ വകുപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.